"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - ആലപ്പുഴ നൂറനാട് പടനിലം ഹയർ സെക്കന്ററി സ്കൂളിന്റെ മാനേജർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.5793/2025/GEDN തീയതി,തിരുവനന്തപുരം, 26-08-2025

---

പരാമർശം:-
1) 23.02.2024 ലെ സ.ഉ.(സാധാ)നം.1526/2024/പൊ.വി.വ.
2) നൂറനാട് പടനിലം എച്ച്.എസ്.എസ് മാനേജർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള 22.05.2025 ലെ റിവിഷൻ ഹർജി.
3) മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21.07.2025 ലെ ഡി.ഇ.ഒ. എം.വി.കെ/2334/2023-ബി3 നമ്പർ കത്ത്.
4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.07.2025 ലെ ഡി.ജി.ഇ/8302/2023-ആർ.എ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ നൂറനാട് പടനിലം ഹയർ സെക്കന്ററി സ്കൂളിന്റെ 2022-23 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പുനർനിർണ്ണയിച്ചു കൊണ്ട് മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച 17.08.2023 ലെ DEOMVK/2334/2023-B3 നമ്പർ ഉത്തരവിനെതിരെ, ടി സ്കൂളിലെ മാനേജരും ഹെഡ്മിസ്ട്രസ്സും ചേർന്ന് സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C)No.29407/2023 പ്രകാരം കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതിയുടെ 11.09.2023 ലെ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരുടെ റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി സർക്കാർ ഉത്തരവും, 2022-23 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പുനർനിർണ്ണയിച്ച മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17.08.2023 ലെ DEOMVK/2334/2023-B3 നമ്പർ ഉത്തരവും റദ്ദ് ചെയ്യണമെന്നും 20.08.2022 ലെ B3/41429/2022 നമ്പർ തസ്തിക നിർണ്ണയ ഉത്തരവ് നിലനിർത്തണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ടി സ്കൂളിലെ മാനേജർ സർക്കാരിൽ പരാമർശം (2) പ്രകാരം റിവ്യൂ ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിവ്യൂ ഹർജി വിശദമായി പരിശോധിക്കുന്നതിനായി ഹർജിക്കാരനും ബന്ധപ്പെട്ട മറ്റു കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. പരാതിക്കാരന്റെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

"നൂറനാട് പടനിലം ഹയർ സെക്കന്ററി സ്കൂളിന്റെ 2022-23 വർഷത്തെ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.08.2022 ലെ B3/41429/2022 നമ്പർ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം, 2022-23 വർഷം 12 ക്ലാസ് ഡിവിഷനുകൾ യു.പി. വിഭാഗത്തിലും, 11 ക്ലാസ് ഡിവിഷനുകൾ ഹൈസ്കൂൾ വിഭാഗത്തിലും അനുവദിച്ചു തുടരവെ Std X ൽ ഒരു അധിക ഡിവിഷൻ അനുവദിച്ചു. ഇപ്രകാരം തുടർന്നു വരവെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സൂപ്പർചെക്ക് വിഭാഗം 22.02.2023 ൽ ടി

സ്കൂളിൽ പരിശോധന നടത്തിയപ്പോൾ Std V ൽ 15 കുട്ടികളും, VI ൽ 18 കുട്ടികളും, VII ൽ 17 കുട്ടികളും, VIII ൽ 17 കുട്ടികളും IX ൽ 20 കുട്ടികളും X ൽ 54 കുട്ടികളും ഹാജരില്ലായിരുന്നു. തുടർന്ന് ഹാജരില്ലായിരുന്ന കുട്ടികളെയും ടി.സി വാങ്ങിപ്പോയ കുട്ടികളെയും ഒഴിവാക്കി ടി സ്കൂളിന്റെ തസ്തിക നിർണ്ണയം പുനർ നിർണ്ണയിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും, ആയതിൻപ്രകാരം മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ 17.08.2023 ലെ DEOMVK/2334/2023-B3 ഉത്തരവ് പ്രകാരം തസ്തിക പുനർ നിർണ്ണയം നടത്തുകയുമുണ്ടായി. ടി ഉത്തരവ് പ്രകാരം യു.പി. വിഭാഗത്തിൽ 3 ഡിവിഷനുകളും ഹൈസ്കൂൾ വിഭാഗത്തിൽ അധിക ഡിവിഷൻ ഉൾപ്പെടെ 3 ഡിവിഷനുകളും കുറവ് ചെയ്തു. സൂപ്പർ ചെക്ക് സെൽ പരിശോധനാ ദിവസം ഹാജരാകാതിരുന്ന X-ാം ക്ലാസ്സിലെ 54 കുട്ടികളും മോഡൽ പരീക്ഷ കഴിഞ്ഞ് സ്റ്റഡി ലീവിൽ ആയിരുന്നു. ടി 54 കുട്ടികളും 2023 മാർച്ചിലെ SSLC പരീക്ഷ എഴുതി പാസ്സായവരാണ്. 5 മുതൽ 9 വരെ ക്ലാസ്സുകളിൽ ഹാജരാകാതിരുന്ന മുഴുവൻ കുട്ടികളും തുടർന്നുള്ള വർഷങ്ങളിൽ പഠനം തുടർന്നുവരുന്നവരുമാണ്. V-ാം ക്ലാസ്സിൽ ഹാജരാകാതിരുന്ന 15 കുട്ടികളും നിലവിൽ സ്കൂളിൽ തുടരുന്നവരാണ്. VI-ാം ക്ലാസ്സിൽ ഹാജരാകാതിരുന്ന 18 കുട്ടികളിൽ ആരും ടി.സി വാങ്ങിപ്പോകുകയോ കൊഴിഞ്ഞുപോകുകയോ ചെയ്തിട്ടില്ലാത്തതാണ്. VII-ാം ക്ലാസ്സിൽ ഹാജരാകാതിരുന്ന 17 കുട്ടികളിൽ 3 പേർ 2023-24 വർഷം VIII -ാം ക്ലാസ്സിലേക്കും 2024-25 വർഷം IX-ാം ക്ലാസ്സിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച തുടർന്നു വരവെ 2024-25 വർഷം ടി.സി വാങ്ങിപ്പോയവരാണ് (സുവർണ്ണ രാജേഷ്, അർജ്ജുൻ.എസ്.കുമാർ, അനന്യ പുരുഷൻ) ബാക്കി കുട്ടികൾ ടി സ്കൂളിൽ റഗുലറായി ഹാജരാകുന്ന കുട്ടികളാണ്. VIII-ാം ക്ലാസ്സിൽ ഹാജരാകാതിരുന്ന 17 കുട്ടികളും ടി സ്കൂളിൽ റഗുലറായി ഹാജരാകുന്ന കുട്ടികളാണ്. ടി കുട്ടികൾ ആരും ടി.സി വാങ്ങിപ്പോയിട്ടില്ലാത്തതും കൊഴിഞ്ഞുപോയിട്ടില്ലാത്തതുമാണ്. ടി 17 കുട്ടികളെയും 2023-24 വർഷം 9-ാം ക്ലാസ്സിലേക്ക് പ്രൊമോട്ട് ചെയ്തിരുന്നതും ടി കുട്ടികൾ 2025 മാർച്ചിലെ SSLC പരീക്ഷ എഴുതിയവരുമാണ്. IX ക്ലാസ്സിൽ ഹാജരാകാതിരുന്ന 20 കുട്ടികളും ടി സ്കൂളിൽ റഗുലറായി ഹാജരാകുന്ന കുട്ടികളാണ്. ടി കുട്ടികൾ ആരും ടി.സി വാങ്ങിപ്പോയിട്ടില്ലാത്തതും കൊഴിഞ്ഞുപോയിട്ടില്ലാത്തതുമാണ്. ടി 20 കുട്ടികളെയും 2023-24 വർഷം 10-ാം ക്ലാസ്സിലേക്ക് പ്രൊമോട്ട് ചെയ്തിട്ടുള്ളതും ടി കുട്ടികൾ 2024 മാർച്ചിലെ SSLC പരീക്ഷ എഴുതി വിജയിച്ചവരുമാണ്. ഇപ്രകാരം പടനിലം ഹയർ സെക്കണ്ടറി സ്കൂളിൽ 2022-23 വർഷമോ അതിന് മുമ്പോ ശേഷമോ ഒരു കുട്ടിയെ പോലും ബോഗസ് ആയി നിലനിർത്തിയിട്ടില്ല. കൂടാതെ ഒരു കുട്ടിപോലും കൊഴിഞ്ഞു പോയിട്ടുമില്ല. സാധാരണയായി സൂപ്പർ ചെക്ക് ആഫീസർ ആദ്യ വിസിറ്റ് കഴിഞ്ഞാൽ രണ്ടാമതു ഒരു പ്രാവശ്യം കൂടി വിസിറ്റിന് വരാറുണ്ട്. രണ്ടു വിസിറ്റിലും പൊതുവായി ഹാജരാകാത്ത കുട്ടികളെ ഒഴിവാക്കിയാണ് തസ്തിക പുനർ നിർണ്ണയിക്കാറുള്ളത്. എന്നാൽ ടി സ്കൂളിൽ രണ്ടാമതു ഒരു വിസിറ്റ് ഉണ്ടായിട്ടില്ല. മേൽ സാഹചര്യത്തിൽ, പടനിലം ഹയർ സെക്കന്ററി സ്കൂളിന്റെ 2022-23 തസ്തിക നിർണ്ണയം റിവൈസ് ചെയ്ത മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് റദ്ദാക്കി, ടി സ്കൂളിന്റെ 2022-23 വർഷത്തെ തസ്തിക നിർണ്ണയം നടത്തിയ 20.08.2022 ലെ B3/41429/2022 നമ്പർ ഉത്തരവ് നിലനിർത്തി ഉത്തരവാകണം."

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം, നൂറനാട് പടനിലം എച്ച്.എസ് ലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയം 20/08/2022 ലെ ബി3/41429/2022 ഉത്തരവ് പ്രകാരം മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിക്കുകയും ടി വർഷം പത്താം ക്ലാസ്സിൽ ഒരു ഡിവിഷൻ കൂടിയതിനെ തുടർന്ന് എച്ച്.എസ്.റ്റി (പി.എസ്), സീയിങ്ങ് ടീച്ചർ (എച്ച്.എസ്) എന്നീ അധിക തസ്തികകൾക്ക് അർഹതയുള്ളതിനാൽ അധിക തസ്തിക പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുകയും, തുടർന്ന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ സ്കൂൾ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ പ്രകാരം 07/07/2023 ലെ

GO(MS)95/2023/GEDN പ്രകാരം എച്ച്.എസ്.റ്റി (പി.എസ്), സ്വീയിങ്ങ് ടീച്ചർ (എച്ച്.എസ്) എന്നീ തസ്തികകൾ അനുവദിക്കുകയും ചെയ്തു. എന്നാൽ 2022-23 വർഷം നടന്ന സൂപ്പർ ചെക്ക് സെൽ പരിശോധനയുമായി ബന്ധപ്പെട്ട് കുട്ടികളുടെ എണ്ണത്തിൽ കുറവ് വരുത്തിയതിനാൽ, സ.ഉ(കൈ) നം.95/2023 പൊ.വി.വ. തീയതി 07/07/2023 പ്രകാരം ലഭിക്കേണ്ട അധിക തസ്തികകൾ അനുവദിക്കേണ്ടതില്ലെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിരുന്നു. തുടർന്ന് 08.08.2023 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് പ്രകാരം സൂപ്പർ ചെക്ക് സെൽ നൽകിയ യു.ഒ നോട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. 2023-24 ലെ തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കണമെന്ന അടിയന്തര സാഹചര്യം പരിഗണിച്ച് 2022-23 ലെ തസ്തിക നിർണ്ണയം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം പുന:ക്രമീകരിച്ച് 17.08.2023 ലെ DEOMVK/2334/2023-83 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 5, 6, 7, 9, 10 ക്ലാസ്സുകളിൽ ഓരോ ഡിവിഷൻ കുറയുന്നതിനാൽ 2022-23 വർഷം സർക്കാർ അനുവദിച്ച എച്ച്.എസ്റ്റി (പി.എസ്)-1, സ്വീയിങ് ടീച്ചർ (എച്ച്.എസ്)-1 അധിക തസ്തികകളും, എച്ച്.എസ്.റ്റി (എൻ.എസ്)-1, എച്ച്.എസ്.റ്റി (ഗണിതം)-1. എച്ച്.എസ്റ്റി (മലയാളം)-1, എച്ച്.എസ്.റ്റി (ഹിന്ദി)-1, യു.പി.എസ്.റ്റി-3, എഫ്.റ്റി.എം-1 എന്നീ തസ്തികകളും കുറയുകയുണ്ടായി.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. നൂറനാട് പടനിലം എച്ച്.എസ് ലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിൽ പത്താം ക്ലാസ്സിൽ ഒരു ഡിവിഷൻ കൂടിയതിനെ തുടർന്ന് എച്ച്.എസ്.റ്റി (പി.എസ്), സ്വീയിങ്ങ് ടീച്ചർ (എച്ച്.എസ്) എന്നീ അധിക തസ്തികകൾ 20/08/2022 ലെ ബി3/41429/2022 ഉത്തരവ് പ്രകാരം മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചിരുന്നു. തുടർന്ന് നടന്ന സൂപ്പർ ചെക്ക് സെൽ പരിശോധനയിൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് കണ്ടെത്തിയതിനെ തുടർന്ന് അധിക തസ്തികകൾ ഒഴിവാക്കി തസ്തിക നിർണ്ണയം പുന:ക്രമീകരിക്കുകയുണ്ടായി. പത്താം ക്ലാസ്സിൽ ഹാജരില്ലായിരുന്നതായി കണ്ടെത്തിയിരുന്ന 54 കുട്ടികളും മോഡൽ പരീക്ഷയ്ക്ക് ശേഷം പഠനാവധിയിൽ പ്രവേശിച്ചിരുന്നതായും ഈ 54 കുട്ടികളും അതേ വർഷം ടി സ്കൂളിൽ നിന്നും SSLC പരീക്ഷ എഴുതി വിജയിച്ചിട്ടുണ്ടെന്നും മാനേജർ അറിയിച്ചിട്ടുണ്ട്. ഈ കുട്ടികളുടെ SSLC സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും ഹാജരാക്കിയിട്ടുണ്ട്. 9, 8 ക്ലാസ്സുകളിൽ ഹാജരാകാതിരുന്ന കുട്ടികൾ യഥാക്രമം 2023-24, 2024-25 വർഷങ്ങളിൽ SSLC പരീക്ഷ എഴുതി വിജയിച്ചവരാണെന്നും 5 മുതൽ 7 വരെ ക്ലാസ്സുകളിൽ ഹാജരാകാതിരുന്ന കുട്ടികളും തുടർന്നുള്ള വർഷങ്ങളിൽ പഠനം തുടർന്നുവരുന്നതായും അറിയിച്ചിട്ടുണ്ട്. ഇക്കാര്യം പരിഗണിച്ച് 2022-23 വർഷത്തെ തസ്തിക നിർണ്ണയം നിലനിർത്തി നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ആവശ്യമെങ്കിൽ സ്കൂൾ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാവുന്നതാണെന്നും മാനേജർ അറിയിക്കുകയുണ്ടായി.

5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സൂപ്പർചെക്ക് സെൽ വിഭാഗം 2022-23 അധ്യയന വർഷത്തിന്റെ അവസാനത്തോടടുപ്പിച്ച് 22.02.2023 ന് ഒരു ദിവസം മാത്രമാണ് സ്കൂളിൽ പരിശോധന നടത്തിയിട്ടുള്ളതായി കാണുന്നത്. തുടർന്ന് പരിശോധന നടത്തുകയോ ആദ്യത്തെ പരിശോധനയിലെ കണ്ടെത്തലുകളിന്മേൽ മാനേജരുടെയോ മറ്റ് സ്കൂൾ അധികൃതരുടെയോ വിശദീകരണം തേടിയിട്ടുള്ളതായോ കാണുന്നില്ല. ഇപ്രകാരം വിശദീകരണം സമർപ്പിക്കുന്നതിന് ന്യായമായും നൽകേണ്ടിയിരുന്ന അവസരം നിഷേധിച്ച് ഏകപക്ഷീയമായി തസ്തിക നിർണ്ണയം പുന:ക്രമീകരിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയാണ് സൂപ്പർചെക്ക് സെൽ വിഭാഗം ചെയ്തിട്ടുള്ളത്. ഇത് ക്രമപ്രകാരമാണെന്ന് കാണുന്നില്ല.

6. മേൽ സാഹചര്യത്തിൽ, നൂറനാട് പടനിലം ഹൈസ്കൂളിന്റെ രേഖകൾ വിശദമായി പരിശോധിക്കുന്നതിനും, സൂപ്പർചെക്ക് സെൽ വിഭാഗം 22.02.2023 ന് നടത്തിയ പരിശോധനയിൽ 5 മുതൽ 10 വരെ ക്ലാസ്സുകൾ ഹാജരില്ലാതിരുന്നതായി കണ്ടെത്തിയിരുന്ന കുട്ടികൾ ആ വർഷവും തുടർന്നുള്ള വർഷങ്ങളിലും ടി സ്കൂളിൽ പഠനം നടത്തിയിരുന്നതായി കണ്ടെത്തുന്നപക്ഷം 20.08.2022 ലെ ബി3/41429/2022 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 2022-23 വർഷത്തെ തസ്തിക നിർണ്ണയം നിലനിർത്തി നൽകുന്നതിനും മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം മാനേജർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പരാമർശം (2) റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മാവേലിക്കര.
മാനേജർ, പടനിലം എച്ച്.എസ്.എസ്, നൂറനാട്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 26-08-2025 15:56:28
സെക്ഷൻ ഓഫീസർ